(സി) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനാണ് സംഭരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രകാരം വിപണനം ചെയ്യുന്ന പഴവും പച്ചക്കറികളും ജൈവ കാർഷിക വിളകളാണെന്ന് ഉറപ്പു വരുത്തുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്. കൂടാതെ പഴം, പച്ചക്കറികൾ ജൈവ കാർഷിക വിളകളാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം കേരളാ കാർഷിക സർവ്വകലാശാലയിൽ നിലവിലുണ്ട്.

കൃഷി ഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ

134 (1544) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) 2014-15-ൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത പദ്ധതികളാണ് വിവിധ കൃഷി ഭവനുകളിലൂടെ നടപ്പാക്കിയത് എന്നറിയിക്കാമോ ;

(സി) സംസ്ഥാനമൊട്ടാകെ ഈ പദ്ധതികൾ പ്രകാരം അനുവദിക്കപ്പെട്ട തുകയും ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ ഉല്പാദന മേഖല തഴയപ്പെട്ടത് ഗ്രാമീണ മേഖലയിൽ കൃഷി ഭവനുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനം ഓരോ ബ്ലോക്കിലും മാസത്തിൽ മീറ്റിംഗ് കൂടി വിലയിരുത്തുന്നുണ്ട്. ജില്ലാതലത്തിൽ ഇതിനായി പ്രത്യേക യോഗം ചേരുന്നുമുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ ഉല്പാദന മേഖലയിൽ കൃഷി വകുപ്പ് വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരാറുണ്ട്. എന്നാൽ കൃഷി വകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും എസ്.എച്ച്.എം. പദ്ധതികളും മറ്റും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുമൂലം ഗ്രാമീണ മേഖലയിലെ കൃഷി ഭവനുകളുടെ പ്രവർത്തനത്തെ ഇത് ബാധിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly